# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1116 — 05.03.2018-ന് മറുപടിയ്ക്ക്

## പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ് | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) റൈറ്റ് റ്റു ഫെയർ കോംപൻസേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് ആക്ട് 2013 -ലെ വ്യവസ്ഥകൾക്ക് വിധേയമായാണോ പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2013-ലെ RFCTLARR Act-ലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പൊതു ആവശ്യങ്ങൾക്ക് ഭൂമി പൊന്നുംവിലക്ക് ഏറ്റെടുക്കുന്നത്. അത്യാവശ്യ ഘട്ടത്തിൽ അർത്ഥനാധികാരിയുടെ അഭ്യർത്ഥന പ്രകാരം എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 108 പ്രകാരം സ്റ്റേറ്റ് പോളിസിയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഭൂഉടമകളുമായി നെഗോഷ്യേറ്റ് ചെയ്തും, ഡയറക്ട് പർച്ചേസ് പ്രകാരവും ഭൂമി ഏറ്റെടുക്കാറുണ്ട്. |
| (ബി) പൊതു ആവശ്യത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന സ്റ്റാംപ് ഡ്യൂട്ടി ഇളവിന്മേൽ ഉൾപ്പെടെയുള്ള ഏറ്റവും പുതിയ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) ബാലകൃഷ്ണൻ Vs യൂണിയൻ ഓഫ് ഇൻഡ്യ എന്ന കേസിൽ ബഹു.സുപ്രീംകോടതി 11/01/2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ നിയമത്തിനുകീഴിൽ നെഗോഷ്യേറ്റ് ചെയ്ത വസ്തു പൊതു ആവശ്യത്തിനായി വിൽക്കുന്ന അവസരത്തിൽ വസ്തു ഉടമകൾക്ക് കോമ്പൻസേഷനായി അനുവദിക്കുന്ന തുകയിൽ നിന്നും ഇൻകം ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഈടാക്കേണ്ടതില്ല എന്ന് വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ